ctabudarr@gmail.com



അബൂദർറ് എടയൂർ

# ആത്മീയോർജം പകരുന്ന ഇഅ്തികാഫ്

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا: أَنَّ النَّبِيَّ ﷺ، كَانَ يَعْتَكِفُ العَشْرَ الأَوَاخِرَ
مِنْ رَمَضَانَ حَتَّى تَوَفَّاهُ اللَّهُ، ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِهِ

ആഇശ(റ)യിൽ നിന്ന് നിവേദനം: നബി(സ) മരണപ്പെടുന്നതുവരെ റമദാനിലെ അവസാനത്തെ പത്ത് നാളുകളിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിയോഗ ശേഷം അവിടുത്തെ പത്നിമാർ ഇഅ്തികാഫ് ഇരുന്നു (ബുഖാരി, മുസ്‌ലിം).

തടഞ്ഞുവെക്കുക, പിടിച്ചു നിർത്തുക, താമസിക്കുക, ഭജനമിരിക്കുക എന്നല്ലാമാണ് ഇഅ്തികാഫ് എന്നതിന്റെ ഭാഷാർഥം. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് ഇബാദത്തുകളിൽ മുഴുകി പള്ളിയിൽ താമസിക്കുക എന്ന് സാങ്കേതിക ഭാഷ്യം. ഏറെ ശ്രേഷ്ഠകരമായ പുണ്യകർമവും ആത്മീയ വളർച്ചക്കുള്ള ഒരു മാർഗവുമാണ് ഇഅ്തികാഫ്. മുഹമ്മദ് നബിക്ക് മുമ്പും നിലനിന്നിരുന്ന ഒന്നാണത്. ഉമർ(റ) ഒരിക്കൽ നബി(സ)യോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, മസ്ജിദുൽ ഹറാമിൽ ഒരു രാത്രി ഇഅ്തികാഫിരിക്കാൻ ജാഹിലിയ്യാ കാലത്ത് ഞാൻ നേർച്ചയാക്കിയിരുന്നു (ഞാനത് നിറവേറ്റണമോ?)" നബി(സ) പറഞ്ഞു: "നിന്റെ നേർച്ച നീ പൂർത്തീകരിക്കുക" (ബുഖാരി, മുസ്‌ലിം).

മദീനയിലെത്തിയ ശേഷം റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് അനുഷ്ഠിക്കുക പ്രവാചകന്റെ ശീലമായിരുന്നു. എന്നാൽ, ഒരു റമദാനിൽ പ്രവാചകൻ ഇഅ്തികാഫ് ഉപേക്ഷിച്ചുവെന്ന് ഹദീസിൽ കാണാം. അനസി(റ)ൽ നിന്ന് നിവേദനം: "നബി(സ) റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു. ഒരു വർഷം ഇഅ്തികാഫിരുന്നില്ല. അടുത്ത വർഷം അദ്ദേഹം ഇരുപത് ദിവസം ഇഅ്തികാഫിരുന്നു" (തിർമിദി, അബൂദാവൂദ്). ഇഅ്തികാഫ് നിർബന്ധമല്ലെന്ന് പഠിപ്പിക്കാനാണ് പ്രവാചകൻ ഒരു വർഷം അത് ഒഴിവാക്കിയത് എന്ന് ചില പണ്ഡിതന്മാർ വിശദീകരിക്കുന്നു.

പ്രവാചകന്റെ ഭാര്യമാരും ഇഅ്തികാഫ് അനുഷ്ഠിച്ചിരുന്നുവെന്ന് ആദ്യം ഉദ്ധരിച്ച ഹദീസ് വ്യക്തമാക്കുന്നു. നാസിറുദ്ദീൻ അൽബാനി പറയുന്നു: "സ്ത്രീകൾക്കും ഇഅ്തികാഫ് ആകാമെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. എന്നാൽ കൈകാര്യകർത്താക്കളുടെ അനുമതിയുണ്ടായിരിക്കുക, ഫിത്നയുടെ കാര്യത്തിൽ സുരക്ഷിതത്വമുണ്ടാവുക, അന്യപുരുഷന്മാരുമൊത്ത് ഒറ്റക്കാവാതിരിക്കുക തുടങ്ങിയ നിബന്ധനകളോടുകൂടി മാത്രമേ അത് അനുവദിക്കപ്പെടൂ എന്നതിൽ അഭിപ്രായ വ്യത്യാസമില്ല. ഈ പറഞ്ഞവ നിർബന്ധമാണെന്ന് കുറിക്കുന്ന ധാരാളം തെളിവുകൾ നമ്മുടെ മുമ്പിലുണ്ട്."

ഇഅ്തികാഫിന്റെ പൊരുളിനെ കുറിച്ച് ഇബ്നുൽ ഖയ്യിം രേഖപ്പെടുത്തുന്നു: "മനസ്സിനെ അല്ലാഹുവിൽ ഏൽപിക്കുക, ദൈവസ്മരണയിൽ അതിനെ തളച്ചിടുക, അല്ലാഹുവോടൊപ്പം തനിച്ചാവുക, ലൗകിക കാര്യങ്ങളിൽ നിന്നകന്ന് അല്ലാഹുവിന്റെ കാര്യത്തിൽ വ്യാപൃതനാവുക തുടങ്ങിയ കാര്യങ്ങളാണ് ഇഅ്തികാഫിന്റെ ലക്ഷ്യവും ചൈതന്യവും. അങ്ങനെ അല്ലാഹുവിനോടുള്ള സ്നേഹവും അവനെ കുറിച്ച സ്മരണയും അവനോടുള്ള താൽപര്യവും മനസ്സിൽ നിറയും. അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കുന്നതിനെ കുറിച്ചായിരിക്കും പിന്നെ അവന്റെ ചിന്ത മുഴുവൻ. അങ്ങനെ സ്രഷ്ടാവിനോടുള്ള സഹവർത്തിത്വം അവന് ഏറെ പ്രിയങ്കരമായിമാറും. ഖബ്റിലെ ഏകാന്തതയിൽ അല്ലാഹു മാത്രമായിരിക്കുമല്ലോ കൂട്ട് എന്ന ചിന്തയിലേക്ക് അത് നയിക്കും. ഇതാണ് ഇഅ്തികാഫിന്റെ മഹത്തായ ലക്ഷ്യം" (സാദുൽ മആദ്).

ആത്മീയ വളർച്ച നേടാനുള്ള ശ്രമങ്ങളുടെ കൂട്ടത്തിൽ ഇഅ്തികാഫ് ഏറെ പ്രധാനപ്പെട്ട ഒരു കർമമാണെന്നതിൽ സംശയമില്ല. എന്നാൽ അത് സഹജീവികളോടുള്ള ബാധ്യതകൾ നിറവേറ്റുന്നതിന് വിഘാതമാവാത്തവിധം സന്തുലിതമായി ക്രമീകരിക്കണമെന്നും പ്രവാചകൻ ഉണർത്തിയതായി ഹദീസിൽ കാണാം. നബി(സ) ഒരിക്കൽ പറഞ്ഞു: "എന്റെ ഒരു സഹോദരന്റെ ആവശ്യപൂർത്തീകരണത്തിനായി ഇറങ്ങിപ്പുറപ്പെടലാണ് ഈ പള്ളിയിയിൽ(മസ്ജിദുന്നബവി) ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരം" (ത്വബ്റാനി). ഇത് സ്വഹീഹാണെന്ന് അൽബാനി പറയുന്നു. ഇഅ്തികാഫിന് ഏറെ പുണ്യമുള്ളതുകൊണ്ടാണ് ജനസേവനത്തെ അതുമായി പ്രവാചകൻ തുലനം ചെയ്തത്. ഇഅ്തികാഫിനെ നിസ്സാരവത്കരിക്കുകയല്ല, മറിച്ച് പുണ്യകർമങ്ങളിൽ മുൻഗണനാക്രമം പാലിക്കണമെന്ന് പഠിപ്പിക്കുകയാണ് ഈ തിരുവചനം. ഏതാനും ദിവസം ഇതര ജീവിത വ്യവഹാരങ്ങളിൽ നിന്നെല്ലാം പരമാവധി അകന്നുനിന്ന് അല്ലാഹുവിനെ ധ്യാനിച്ച് പള്ളിയിൽ കഴിയുന്നത് ആത്മാവിനെ വിമലീകരിക്കാനും തഖ്‌വയുടെ ഗ്രാഫ് ഉയർത്താനും സഹായകമാവുമെന്ന് മാത്രമല്ല, അല്ലാഹുവിങ്കൽ വമ്പിച്ച പ്രതിഫലത്തിന് നമ്മെ അർഹരാക്കുകയും ചെയ്യും. ■